"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ്- മലപ്പുറം എടരിക്കോട് ഗ്രാമപഞ്ചായത്തിലെ ശ്രീമതി കാളിയുടെ പേരിലുള്ള 14-ാം നമ്പർ ലക്ഷം വീട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡ് വകുപ്പ്**

സ.ഉ.(സാധാ) നം.585/2026/LSGD തീയതി,തിരുവനന്തപുരം, 05-03-2026

---

പരാമർശം:- 1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 19.01.2026ലെ LSGD/PD/88/2026-DPLC3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ എടരിക്കോട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട ചെമ്മാടൻ ഹൗസിൽ ശ്രീമതി കാളിക്ക് മകന്റെ കാൻസർ ചികിത്സയുടെ ഭാഗമായി വലിയ കടബാദ്ധ്യതകൾ ഉണ്ടായിട്ടുള്ളതായും, തുടർചികിത്സയ്ക്കുള്ള തുക കണ്ടെത്തുന്നതിനായി തന്റെ പേരിലുള്ള 14-ാം നമ്പർ ലക്ഷം വീട് വിൽക്കുകയല്ലാതെ മറ്റു മാർഗ്ഗമില്ലെന്നും, ആയതിനാൽ ടി വീട് വിൽക്കുന്നതിന് അനുമതി നൽകണമെന്നും ടിയാൾ അപേക്ഷിച്ചിരുന്നു.

2) മകന്റെ രോഗാവസ്ഥ സംബന്ധിച്ച മെഡിക്കൽ റിപ്പോർട്ടുകളും കടബാദ്ധ്യത വ്യക്തമാക്കുന്ന രേഖകളും എടരിക്കോട് ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ചിട്ടുള്ളതാണെന്നും, മാനുഷിക പരിഗണന നൽകിക്കൊണ്ട് ശ്രീമതി കാളിയുടെ പേരിലുള്ള 14-ാം നമ്പർ ലക്ഷം വീട് വിൽക്കുന്നതിന് പ്രത്യേക ഉത്തരവ് വഴി അനുമതി നൽകണമെന്ന് പരാമർശ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബത്തിന്റെ നിലവിലെ അവസ്ഥ പരിഗണിച്ച്, മാനുഷിക പരിഗണന നൽകിക്കൊണ്ട് ശ്രീമതി കാളിയുടെ പേരിലുള്ള 14-ാം നമ്പർ ലക്ഷം വീട് വിൽക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്തിരുവനന്തപുരം
സെക്രട്ടറി, എടരിക്കോട് ഗ്രാമപഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
ശ്രീമതി കാളി,ചെമ്മാടൻ ഹൗസ്, ചുടലപ്പാറ, മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ /ഓഡിറ്റ്),കേരള,തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ,വെബ്&ന്യൂ മീഡിയ ,ഐ.&പി.ആർ.ഡി.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Sheeba. S. C
Date: 05-03-2026 14:01:47
സെക്ഷൻ ഓഫീസർ